പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4287 | 17.12.2014- ൽ മറുപടിക്ക് |
|---|---|

## മുനമ്പം സർക്കാർ ആശുപത്രിയുടെ വികസനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | അപകടാവസ്ഥയിലായ മുനമ്പം സർക്കാർ ആശുപത്രി കെട്ടിടത്തിന്റെ പ്രവർത്തനം സാധാരണ രീതിയിലാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | നിലവിലുള്ള കെട്ടിടത്തിന്റെ കാലപ്പഴക്കം എത്രയെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം മുനമ്പം സർക്കാർ ആശുപത്രിയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ? | ബി) | നിലവിൽ പ്രാഥമികാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് എഴുപത്തിയഞ്ച് വർഷത്തിനുമേൽ പഴക്കം ഉള്ളതാണ് എന്നാൽ ഒ. പി., പുരുഷവാർഡ്, ശിശുവാർഡ് എന്നിവയ്ക്ക് അഞ്ചു മുതൽ ഇരുപതു വർഷത്തെ പഴക്കം മാത്രമാണ് ഉള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെട്ടിടത്തിന്റെ തറകൾ ടൈൽ പാകി, പുതിയ സെപ്റ്റിക്ക് ടാങ്ക്, പുതിയ വാട്ടർ ടാങ്ക്, സ്റ്റെയർകെയ്സ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ